(ഇ) വിവിധങ്ങളായ പുനരുദ്ധാരണ നടപടികളെടുത്തു വരുന്നു. പിഴപ്പലിശ റദ്ദാക്കുക, പലിശ ഫണ്ട് നൽകുക, മുതൽ തിരിച്ചടയ്ക്കാൻ സാവകാശം നൽകുക, സാങ്കേതിക മികവ് വരുത്തുവാൻ സാമ്പത്തിക സഹായം നൽകുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകളെ കണ്ടെത്തി അവ പുനരുദ്ധരിക്കുന്നതിനു വേണ്ടി "സിക്ക് യൂണിറ്റ്" പുനരുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ പീഡിത വ്യവസായ യൂണിറ്റുകളായി തീർന്നേക്കാവുന്ന യൂണിറ്റുകളെ തിരിച്ചറിഞ്ഞ് അവയുടെ പുനരുദ്ധാരണത്തിന് പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

16 (591) വനിതാ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുലിയൂർ പഞ്ചായത്തിലെ പേരിശ്ശേരിയിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായ യൂണിറ്റുകളിൽ പലതും അടച്ചുപൂട്ടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വനിതാ വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ചെങ്ങന്നൂർ താലൂക്കിലെ അഞ്ചു വനിതാ എഞ്ചിനീയറിംഗ് ആന്റ് ടെക്നീഷ്യൻസ് വ്യവസായ സഹകരണ സംഘങ്ങൾ പ്രതിസന്ധിയിലാണെന്ന് കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പീഡിതരായി കിടക്കുന്ന വനിതാ വ്യവസായ യൂണിറ്റുകൾ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിപ്രകാരം പുനരുദ്ധരിക്കുന്നതിന് സാദ്ധ്യതയുള്ള പക്ഷം നടപടി കൈക്കൊള്ളും.

17 (592) വ്യവസായ വികസന കർപ്പറേഷൻ കോമിൻകോ ബിനാനി കമ്പനിയിൽ നിക്ഷേപിച്ചിരുന്ന ഷെയറുകൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കോമിൻകോ ബിനാനി കമ്പനിയിൽ നിക്ഷേപിച്ചിരുന്ന ഷെയറുകൾ കമ്പോള വിലയിലും താഴ്ത്തി വിൽക്കുകയുണ്ടായോ; എങ്കിൽ ഇങ്ങനെ വിറ്റുകിട്ടിയ പണം സ്വകാര്യ ബാങ്ക് ആയ എച്ച്.ഡി.എഫ്.സി.യിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഇപ്രകാരം നിക്ഷേപിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് ആർക്കെങ്കിലുമെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ വ്യവസായ കോർപ്പറേഷനോട് അനുമതി ചോദിച്ചിരുന്നുവോ; എങ്കിൽ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അനുമതി നിക്ഷേപിച്ചിരുന്നുവോ; എങ്കിൽ കാരണമെന്താണ്;

(സി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിൽ എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്;

(ഡി) കോമിൻകോ ബിനാനി ബാങ്ക് ഷെയർ വിറ്റ പണം സ്വകാര്യ സ്ഥാപനത്തിൽ നിക്ഷേപിച്ച് ബന്ധുക്കൾക്ക് ജോലിനേടിയതായി പറയപ്പെടുന്ന കേസ്സിൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് പ്രതികളെ പ്രോസിക്യൂട്ട് ചെയ്യാൻ വ്യവസായവകുപ്പിനോട് അനുമതി ചോദിച്ചിട്ടുണ്ടോ; എങ്കിൽ അനുമതി കൊടുത്തിട്ടുണ്ടോ; അല്ലെങ്കിൽ കാരണമെന്താണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ വിജിലൻസ് വിഭാഗം 13/98 എസ്.ഐ.യു. നമ്പരായി ഒരു കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ നിലവിലുണ്ടായിരുന്ന കമ്പോളവിലയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഷെയറുകൾ വിൽപ്പന നടത്തിയിട്ടുള്ളതെന്നും തൻമൂലം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് 29,88,776 രൂപയുടെ നഷ്ടം ഉണ്ടായതായും വിജിലൻസ് വിഭാഗം റിപ്പോർട്ടുചെയ്തിട്ടുണ്ട്. ഷെയർ വിറ്റുകിട്ടിയതിൽ 8.92 കോടി രൂപ എച്ച്.ഡി.എഫ്.സി.യിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി. മുൻ മാനേജർ (അക്കൗണ്ട്സ്) ശ്രീ. ബി. ചന്ദ്രശേഖരൻ നായർ (ഇപ്പോൾ ജനറൽ മാനേജർ) ക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുവാൻ അനുമതി ചോദിച്ചിരുന്നു. ഇതു പഠിക്കുവാനായി ഡയറക്ടർ ബോർഡ് ഒരു കമ്മിറ്റി രൂപവൽക്കരിച്ചിരിക്കുകയാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് ആയിട്ടില്ല.

(സി) മേൽപ്പറഞ്ഞ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ വിജിലൻസ് കേസ്സ് നിലവിലുണ്ട്.

1. ശ്രീ. എസ്. പത്മകുമാർ ഐ.എ.എസ്. (റിട്ട.) മുൻ ചെയർമാൻ
2. ശ്രീ. വി. സോമസുന്ദരൻ, ഐ.എ.എസ്. മുൻ. എം.ഡി.
3. ശ്രീ. ബി. ചന്ദ്രശേഖരൻ നായർ, ജനറൽ മാനേജർ.

(ഡി) കോമിൻകോ ബിനാനി കമ്പനിയിൽ നിക്ഷേപിച്ചിരുന്ന ഷെയറുകൾ വിറ്റതു സംബന്ധിച്ച കേസ്സിൽ പ്രതികളെ പ്രോസിക്യൂട്ടുചെയ്യാൻ വിജിലൻസ് ബ്യൂറോ സർക്കാരിന്റെ അനുമതി ചോദിച്ചിട്ടുണ്ട്. അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

18 (593) തുറന്നു പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങൾ

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly